
ശ്രീനാരായണഗുരുദേവകൃതികൾ

# 17. അനുഭൂതിദശകം

('ശിവാരവിന്ദം' വ്യാഖ്യാനം)



വ്യാഖ്യാതാ :

പ്രൊ. ജി. ബാലകൃഷ്ണൻ നായർ

പ്രസാധകർ :

ശ്രീനാരായണ പബ്ളിഷിംഗ് ഹൗസ്

ചെമ്പഴന്തി :: തിരുവനന്തപുരം—17

digitized by www.sreyas.in

Malayalam
ANUBHOOTHIDASAKAM
PRAPANCHASUDDHIDASAKAM
By
SREE NARAYANA GURUDEVAN
With Commentary, Sivaravindam
Commentator
Prof. G. BALAKRISHNAN NAIR
Sivaravindam, Palkulangara
Trivandrum
Published by
SREE NARAYANA PUBLISHING HOUSE
Chempazhanthi, Trivandrum-17
First Edition—November 1979
Rs. 1.75
Rights reserved
Printed at
K. B. Press, Trivandrum-1

digitized by www.sreyas.in

# അനുഭൂതിദശകം

മംഗളമെന്നേലരുളും
തങ്ങളിലൊന്നിച്ചിടുന്ന സർവ്വജ്ഞൻ
സംഗമമൊന്നില്ലുമില്ലാ—
തംഗജരിപുവിൽ തെളിഞ്ഞു കൺകാണും. 1

കാണും കണ്ണിലടങ്ങി-
ക്കാണുന്നില്ലീ നിരന്തരം സകലം
ക്വാണം ചെവിയിലടങ്ങു—
ന്നോണം ത്വക്കിൽ തുലഞ്ഞുമററതുപോം. 2

പോമിതുപോലെ തുടങ്ങി—
പ്പോമററുരസമപ്പുറത്തു നാവതിലും
പോമിതുപോലെ തുടങ്ങി—
പ്പോമിതു വായ്മുതലെഴുന്നൊരിന്ദ്രിയമാം. 3

ഇന്ദ്രിയമായിടുമന്നാ—
ളിന്ദ്രിയവും കെടുമതന്നു കൂരിരുളാം
മന്നിലുരുണ്ടുവിഴമ്പോൾ
തന്നിലകൈവിട്ടു തെററി വടമററാൽ. 4

അററാലിരുളിലിരിക്കു—
ന്നററോനിവനെന്നരസ്സിലല്ലലറും
ചുററും കതിരിടുവോൻ തൻ
ചുററായ് മററൊരിരുട്ടു വിലസിടുമോ ? 5

digitized by www.sreyas.in

വിലസിടുവോനിവനെന്നാ—
ലലസത താനേ കടന്നുപിടികൂടും
നിലയിതുതന്നെ നമുക്കീ -
നിലയനമേറുമ്പോഴാണൊരാനന്ദം. 6

ആനന്ദക്കടൽ പൊങ്ങി—
ത്താനേ പായുന്നിതാ പരന്നൊരുപോൽ
ജ്ഞാനംകൊണ്ടിതിലേറി—
പ്പാനംചെയ്യുന്നു പരമഹംസജനം. 7

ജനമിതുകണ്ടു തെളിഞ്ഞാൽ
ജനിമൃതികൈവിട്ടിരിക്കുമെന്നിലയിൽ
മനതളിരൊന്നു കലർന്നാ—
ലനവരതം സൗഖ്യമന്നുതന്നെ വരും. 8

വരുമിതിലൊന്നു നിനയ്ക്കിൽ
കരളിലഴിഞ്ഞൊഴുകീടുമിമ്പമറും
കരുതരുതൊന്നുമിതെന്നാ—
ലൊരുപൊരുളായീടുമന്നുതന്നെയവൻ. 9

അവനിവനെന്നു നിനസ്സു—
ന്നവനൊരു പതിയെന്നിരിക്കിലും പശുവാം
അവികലമാഗ്രഹമററാ—
ലവകലിതാനന്ദവെള്ളമോടിവരും. 10

digitized by www.sreyas.in

# അനുഭൂതിദശകം

'ശിവാരവിന്ദം' വ്യാഖ്യാനം

**അരവിന്ദഗുരുംവന്ദേ**
**വേദാന്തശിവരൂപിണം**
**സച്ചിദാനന്ദമാത്മാനം**
**സർവാത്മകമനാമയം**

പ്രപഞ്ചാനുഭവമാണ് ഒരു ലൗകികന്റെ അനുഭവം. അതോ സ്വന്തം ദേഹത്തെ ആസ്പദമാക്കിയുള്ളതുമാണ്. ദേഹം പോയാൽ അതോടെ പ്രപഞ്ചാനുഭവം ഇല്ലാതാകുന്നു. പിന്നെയെല്ലാം ശൂന്യമെന്നാണ് ഒരു ലൗകികന്റെ തോന്നൽ. ദേഹത്തിനപ്പുറം എല്ലാം കൂരിരുട്ട്. നേരേ മറിച്ച് ദേഹമുള്ളപ്പോൾതന്നെ താൻ ദേഹമല്ല, ബോധാനന്ദഘനമായ ആത്മാവാണ് എന്നനുഭവിക്കുന്നതാണ് സത്യദർശിയുടെ അനുഭവം. ഈ അനുഭവം വന്നയാൾ പ്രപഞ്ചത്തിലുടനീളം ആത്മസ്വരൂപംതന്നെ ദർശിക്കുന്നു. ദേഹം പോയാലും താൻ സനാതനമായി അനുഭവസ്വരൂപമായി സ്വയം പ്രകാശിച്ചു നില്ക്കുമെന്നയാൾക്കു സംശയമില്ലാതെ തെളിയുന്നു. പത്തു ശ്ലോകങ്ങളടങ്ങുന്ന 'അനുഭൂതിദശകം' എന്ന കൃതിയിൽ ഈ രണ്ടനുഭവങ്ങളെയും താരതമ്യപ്പെടുത്തി കാണിച്ചുതരികയാണ് ശ്രീനാരായണ ഗുരുദേവൻ. ആദ്യമായി പ്രപഞ്ചാനുഭവത്തിന്റെ കഴമ്പില്ലായ്മയാണു വിവരിക്കുന്നത്. മററു ചില കൃതികളിലെന്നപോലെ ഓർമ്മിക്കാൻ എളുപ്പത്തിനായി ഇതിലെ പദ്യങ്ങളിലും അന്താദിപ്രാസം അംഗീകരിച്ചിരിക്കുന്നു.

സത്യദർശനത്തിനവസരമുണ്ടാക്കുന്ന ജ്ഞാനദൃഷ്ടിയെ വാഴ്ത്തുകയാണ് സത്യദർശിയായ കവി ആദ്യം ചെയ്യുന്നത് :-

digitized by www.sreyas.in

1. മംഗളമെന്മേലരുളും
തങ്ങളിലൊന്നിച്ചിടുന്ന സർവ്വജ്ഞൻ
സംഗമമൊന്നിലുമില്ലാ—
തംഗജരിപുവിൽ തെളിഞ്ഞു കൺകാണും.

തങ്ങളിൽ — ഇന്ദ്രിയാനുഭവങ്ങളിൽ; ഒന്നിച്ചിടുന്ന — എല്ലാററിലും തുല്യമായി പ്രകാശിച്ചു വർത്തിക്കുന്ന; സർവ്വജ്ഞൻ — എല്ലാമറിയുന്ന ഭഗവാൻ; എന്മേൽ — എൻെറ നേരെ; മംഗളം അരുളും — നന്മ ചൊരിയും; സംഗമമൊന്നിലുമില്ലാതെ — അതോടെ വിശേഷിച്ചൊന്നിലും എൻേറതെന്ന ചിന്തയില്ലാതെ; അംഗജരിപുവിൽ — കാമാരിയായ ഭഗവാങ്കൽ; തെളിഞ്ഞു് — സുവ്യക്തമായി; കൺകാണും — എൻെറ ജ്ഞാനദൃഷ്ടി തെളിയുകയും ചെയ്യും.

ഇന്ദ്രിയാനുഭവങ്ങളിൽ എല്ലാററിലും തുല്യമായി പ്രകാശിച്ചുവർത്തിക്കുന്ന എല്ലാമറിയുന്ന ഭഗവാൻ എൻെറ നേരെ നന്മ ചൊരിയും. അതോടേ വിശേഷിച്ചൊന്നിലും എൻേറതെന്ന ചിന്തയില്ലാതെ കാമാരിയായ ഭഗവാങ്കൽ എൻെറ ജ്ഞാനദൃഷ്ടി തെളിയുകയും ചെയ്യും.

## തെളിഞ്ഞു കൺകാണും

ഇന്ദ്രിയങ്ങൾ ബോധസ്വരൂപമായ സത്യത്തിൻെറ ഉപകരണങ്ങൾ മാത്രമാണു്. ഏതിന്ദ്രിയത്തിലുംകൂടി വിഷയത്തെ ഗ്രഹിക്കുന്നതു് ഒരേ ഒരു ബോധമാണു്. കണ്ണിൽകൂടി രൂപം ഗ്രഹിക്കുന്ന അതേ ബോധം തന്നെയാണു് ചെവിയിൽകൂടി ശബ്ദം ഗ്രഹിക്കുന്നതും. കണ്ണെന്ന ഉപകരണം അംഗീകരിക്കുമ്പോൾ ബോധം രൂപാനുഭവത്തിനു പാത്രമായിത്തീരുന്നു. അതുപോലെ ഓരോ ഇന്ദ്രിയം അംഗീകരിക്കുമ്പോഴൊക്കെ ഓരോ ഭിന്നാനുഭവം വന്നു ചേരുന്നു. ഭിന്നാനുഭവങ്ങളെല്ലാം അറിയുന്ന സർവ്വജ്ഞ

digitized by www.sreyas.in

നാണ് ബോധം. എന്നാൽ ഇന്ദ്രിയങ്ങളെ ഒഴിവാക്കാമെങ്കിൽ ആ സർവ്വജ്ഞനിൽ അതോടെ ഭിന്നാനുഭവം നിലയ്ക്കും. സർവ്വജ്ഞനായ ബോധംമാത്രം സ്വയം പ്രകാശിച്ചു വിളങ്ങുകയും ചെയ്യും. ഈ അനുഭവമാണ് ജ്ഞാനദൃഷ്ടി. ഇന്ദ്രിയസംഗം വേർപെടുത്തിയാലേ ഇതു സാദ്ധ്യമാവൂ. ഇന്ദ്രിയസംഗം വേർപെടുന്നതോടെ വിഷയങ്ങളില്ലാതാവുമ്പോഴാം കാമങ്ങളകലും. ഇതുതന്നെയാണ് ശിവന്റെ കാമാരിത്വം. ഇങ്ങനെ സ്വയം പ്രകാശിക്കുന്ന ബോധാനുഭവം ഭഗവത് കാരുണ്യത്താൽ തനിക്കുണ്ടായിത്തീരുമെന്നു സ്വയം നിശ്ചയദാർഢ്യത്തോടെ ഉറപ്പു വരുത്തുകയാണു സത്യജിജ്ഞാസു ഇവിടെ.

ഇന്ദ്രിയങ്ങളൊന്നും സ്വയംപര്യാപ്തങ്ങളല്ല. ബോധത്തിന്റെ സഹായമില്ലെങ്കിൽ അവയും അവയുടെ വിഷയവും പിന്നെ വെറും ശൂന്യമാണ്. ഇനിയും ഒരിന്ദ്രിയത്തിന് അതിന്റെ അല്പവിഷയത്തെയല്ലാതെ മറെറാന്നിനെയും കാട്ടിത്തരാനുള്ള കഴിവുമില്ല. ഇന്ദ്രിയങ്ങളുടെ ഈ അല്പാനുഭവമുപേക്ഷിക്കാതെ പൂർണ്ണാനുഭവമെങ്ങനെയുണ്ടാകാനാണ് ? ഇക്കാര്യമാണിനി പ്രതിപാദിക്കുന്നതു്. കണ്ണു്, ചെവി, ത്വക്ക് എന്നീ ജ്ഞാനേന്ദ്രിയങ്ങളുടെ അല്പാനുഭവ രഹസ്യമാണ് രണ്ടാം പദ്യത്തിൽ വിവരിക്കുന്നതു് :—

2. കാണും കണ്ണിലടങ്ങി—
ക്കാണുന്നില്ലീ നിരന്തരം സകലം
ക്വാണം ചെവിയിലടങ്ങു –
ന്നോണം ത്വക്കിൽ തുലഞ്ഞുമററുപോം.

കാണും കണ്ണിൽ — രൂപം മാത്രം കാണാൻ കഴിവുള്ള കണ്ണിൽ; നിരന്തരം — സദാ; സകലം — എല്ലാം; അട

digitized by www.sreyas.in

ങ്ങിക്കാണുന്നില്ല — അനുഭവവിഷയമായി തീരുന്നില്ല ; ചെവിയിൽ — ചെവിയിൽ; കാണം — ശബ്ദം; അട ങ്ങുന്നോണം — മാത്രമേ അനുഭവപ്പെടുന്നുള്ളു എന്നതുപോ ലെ; ത്വക്കിൽ — തൊലിയിൽ ; മററതു — സ്പർശം മാത്രം; തുലഞ്ഞുപോം — അനുഭവിച്ചുതീരും.

രൂപം മാത്രം കാണാൻ കഴിവുള്ള കണ്ണിൽ സദാ എ ല്ലാം അനുഭവവിഷയമായിത്തീരുന്നില്ല. ചെവിയിൽ ശബ്ദം മാത്രമേ അനുഭവപ്പെടുന്നുള്ളു എന്നതുപോലെ തൊലിയിൽ സ്പർശം മാത്രം അനുഭവിച്ചുതീരും.

ഇന്ദ്രിയങ്ങൾ ബോധത്തിന്റെ ജഡോപകരണങ്ങൾ മാത്രമാണു്. ഒരിന്ദ്രിയത്തിനു് ഒരു വിഷയമല്ലാതെ ഗ്ര ഹിക്കാൻ പററുന്നില്ല. ആ ഇന്ദ്രിയമില്ലെങ്കിൽ ആ വിഷ യവും അതോടെ ഇല്ലാതാകും. കണ്ണിനു രൂപം മാത്രമേ ഗ്രഹിക്കാൻ പററൂ. അതുപോലെ ചെവിക്കു ശബ്ദവും ത്വക്കിനു സ്പർശവും മാത്രമേ ഗ്രഹിക്കാൻ കഴിയുകയുള്ളു. ഉപകരണങ്ങൾ ഇല്ലാതായാൽ വിഷയങ്ങളും ഇല്ലാതാകു ന്നതുകൊണ്ടു് വിഷയങ്ങൾ ഏതോ ശുദ്ധവസ്തുവിൽ ഉപക രണങ്ങളുണ്ടാക്കുന്ന കാഴ്ചകൾ മാത്രമാണെന്നു തെളിയുന്നു. പച്ച നിറമുള്ള ഒരു കണ്ണാടിയിൽക്കൂടി പുറത്തേയ്ക്കു നോക്കി യാൽ പ്രപഞ്ചമാകെ പച്ച നിറമുള്ളതായി കാണപ്പെടും. പ്രപഞ്ചം വാസ്തവത്തിൽ പച്ചയായതുകൊണ്ടല്ലല്ലോ അ ങ്ങനെ കാണപ്പെടുന്നതു്. ആ പച്ചനിറം ഉപകരണം തല്ക്കാലത്തേയ്ക്കുണ്ടാകുന്ന വെറും കാഴ്ച മാത്രമാണു്. ഇങ്ങ നെ പരിശോധിച്ചാൽ രൂപസ്പർശാദി വിഷയാനുഭവങ്ങൾ ഏതോ ശുദ്ധവസ്തുവിൽ കണ്ണു്, തൊലി മുതലായ ഉപക രണങ്ങൾ ഉണ്ടാക്കിത്തീർക്കുന്ന താല്ക്കാലികാനുഭവങ്ങൾ മാത്രമാണെന്നു കാണാൻ കഴിയും. ഏതു ശുദ്ധവസ്തുവാണു് ഉപകരണങ്ങളിലൂടെ ഇങ്ങനെ വിഷയരൂപം കൈക്കൊ

digitized by www.sreyas.in

ങ്ങളുപോലെ കാണപ്പെടുന്നതു് എന്നു കണ്ടുപിടിക്കുന്ന താണു് സത്യസാക്ഷാത്കാരം.

രസാനുഭവത്തിൻെറ കാര്യംകൂടി ചൂണ്ടിക്കാണിച്ച ശേഷം വിഷയാനുഭവങ്ങളെല്ലാം ഉപകരണങ്ങളായ ഇന്ദ്രിയങ്ങളിൽ അടങ്ങുന്നവയാണെന്നു കാട്ടിത്തരികയാണു് മൂന്നാം പദ്യത്തിൽ :—

3. പോമിതുപോലെ തുടങ്ങി—
പ്പോമററുരസമപ്പുറത്തു നാവതിലും
പോമിതുപോലെ തുടങ്ങി—
പ്പോമിതുവായ്മുതലെഴുന്നൊരിന്ദ്രിയവും.

ഇതുപോലെ തുടങ്ങി—മേൽ രൂപം, ശബ്ദം, സ്പർശം എന്നിവയുടെ കാര്യം വിവരിച്ചപോലെ മററിന്ദ്രിയവിഷയങ്ങളും; പോം – ഉപകരണങ്ങളിൽ അടങ്ങി ഇല്ലാതാകും; അററുരസം – അനുഭവിച്ചുതീരുന്ന രസം; അപ്പുറത്തു നാവതിലും – പ്രത്യേകമായി ഒഴിഞ്ഞു നില്ക്കുന്ന നാവെന്ന ഇന്ദ്രിയത്തിലും; പോം – അടങ്ങി അവസാനിക്കും; ഇതുപോലെ തുടങ്ങി – ഇതേ രീതിയിൽതന്നെ; പോം – ഗന്ധം മൂക്കിലടങ്ങി അവസാനിക്കും; വായ് മുതൽ–വായിലുള്ള വാഗിന്ദ്രിയം മുതൽ; എഴുന്നൊരിന്ദ്രിയവും – എണ്ണാവുന്ന കർമ്മേന്ദ്രിയങ്ങളും; ഇതുപോം – ഇതേ രീതിയിൽ തന്നെ അനുഭവമുളവാക്കി അടങ്ങും.

മേൽ രൂപം, ശബ്ദം, സ്പർശം എന്നിവയുടെ കാര്യം വിവരിച്ചപോലെ മററിന്ദ്രിയവിഷയങ്ങളും ഉപകരണങ്ങളിൽ അടങ്ങി ഇല്ലാതാകും. അനുഭവിച്ചുതീരുന്ന രസം പ്രത്യേകമായി ഒഴിഞ്ഞു നിൽക്കുന്ന നാവെന്ന ഇന്ദ്രിയത്തിലും അടങ്ങി അവസാനിക്കും. ഇതേ രീതിയിൽതന്നെ

digitized by www.sreyas.in

ഗന്ധം മൂക്കിലടങ്ങി അവസാനിക്കും. വായിലുള്ള വാഗിന്ദ്രിയം മുതൽ എണ്ണാവുന്ന കർമ്മേന്ദ്രിയങ്ങളും ഇതേ രീതിയിൽതന്നെ അനുഭവമുളവാക്കി അടങ്ങും.

## ജ്ഞാനകർമ്മേന്ദ്രിയ രഹസ്യം

ചെവി, തൊലി, കണ്ണ്, നാവ്, മൂക്ക് എന്നിവയാണ് ജ്ഞാനേന്ദ്രിയങ്ങൾ. ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നിവയാണ് യഥാക്രമം അവയുടെ വിഷയങ്ങൾ. കൈ, കാല്, വാക്ക്, ജനനേന്ദ്രിയം, വിസർജ്ജനേന്ദ്രിയം എന്നിവയാണ് കർമ്മേന്ദ്രിയങ്ങൾ. എടുക്കുക, നടക്കുക, സംസാരിക്കുക, ആനന്ദിപ്പിക്കുക, വിസർജ്ജിക്കുക എന്നിവയാണ് യഥാക്രമം അവയുടെ വിഷയങ്ങൾ. ശ്ലോകത്തിൽ 'വായ്' എന്നു പറഞ്ഞിരിക്കുന്നതു വാഗിന്ദ്രിയത്തെ ഉദ്ദേശിച്ചാണ്. മററു കർമ്മേന്ദ്രിയങ്ങളും അതോടൊപ്പം ഗ്രഹിക്കപ്പെടേണ്ടവയാണ്. ജ്ഞാനേന്ദ്രിയങ്ങൾ വിഷയങ്ങളെ അംഗീകരിക്കുന്നു. കർമ്മേന്ദ്രിയങ്ങൾ അവയിൽ പ്രവർത്തിക്കുന്നു. ഓരോ ഇന്ദ്രിയവും ഓരോ വിഷയത്തിൽ നിയമേന പ്രവർത്തിക്കുന്നവയാണ്. എന്നാൽ ഈ ഉപകരണങ്ങളിൽക്കൂടിയെല്ലാം വിഷയങ്ങളെ അനുഭവിക്കുന്ന വസ്തു ഒന്നാണെന്ന കാര്യത്തിൽ ആർക്കും സംശയം വരുമെന്നുതോന്നുന്നില്ല. കാണുന്നതും കേൾക്കുന്നതും നടക്കുന്നതും ആനന്ദിക്കുന്നതും ഒക്കെ ഞാൻ തന്നെയാണെന്നാണല്ലോ എല്ലാവരുടെയും അനുഭവം. എല്ലാ ഉപകരണങ്ങളെയും പ്രവർത്തിപ്പിക്കുന്നതു 'ഞാൻ' ആണെങ്കിൽ 'ഞാൻ' ഉപകരണങ്ങളിൽ നിന്നും ഭിന്നനാണെന്നു തീർച്ച. ഉപകരണങ്ങളില്ലെങ്കിൽ എനിക്ക് അവയുടെ അനുഭവങ്ങളും ഉണ്ടായിരിക്കയില്ല. അപ്പോൾ ഉപകരണങ്ങളെ അകററിയിട്ടു 'ഞാൻ' തനിയേ നിന്നാൽ അതായിരിക്കും എന്റെ യഥാർത്ഥസ്വരൂ

digitized by www.sreyas.in

പം. അപ്പോഴുള്ള അനുഭവം കണ്ടെത്തുകയാണു സത്യാനുഭവം.

ഇനിയും ഈ ലോകത്തു് ഇന്ദ്രിയങ്ങൾ ഒഴിഞ്ഞു മാറിയ ഒരനുഭവഘട്ടം കാണാനുണ്ടോ ? ഗാഢനിദ്ര അഥവാ സുഷുപ്തി അത്തരം അനുഭവമാണല്ലോ എന്നാണടുത്തതായി ചൂണ്ടിക്കാണിക്കുന്നതു് :—

4. ഇന്ദ്രിയമായിടുമന്നാ—
ളിന്ദ്രിയവും കെടുമതന്നു കൂരിരുളാം
മന്നിലുരുണ്ടുവിഴുമ്പോൾ
തന്നിലകൈവിട്ടുതെററിവടമററാൽ

അന്നാൾ — വിഷയങ്ങളെ അനുഭവിക്കുന്ന ജാഗ്രദവസ്ഥയിൽ; ഇന്ദ്രിയമായിടും — കണ്ണു്, മൂക്കു് തുടങ്ങിയ ഇന്ദ്രിയങ്ങൾ ബോധത്തിൻെറ ഉപകരണങ്ങളായി പ്രവർത്തിക്കും; ഇന്ദ്രിയവും കെടും — എന്നാൽ ഗാഢനിദ്രയിൽ ഈ ഇന്ദ്രിയങ്ങൾ പ്രവർത്തനരഹിതങ്ങളാവും; അന്നു് അതു കൂരിരുളാം — അപ്പോൾ ഇന്ദ്രിയാനുഭവമെല്ലാം കൂരിരുട്ടായിമാറും; വടമററാൽ — വടത്തിൽ സഞ്ചരിക്കുന്നയാൾ അതു മുറിഞ്ഞാൽ; തന്നിലകൈവിട്ടു് — വടത്തിലെ സഞ്ചാരമെന്ന സ്ഥിതിമാറിയിട്ടു്; മന്നിലുരുണ്ടുവിഴും പോൽ — തറയിൽ വീഴാനിടവരുന്നതുപോലെയാണു് ജാഗ്രത്തിലെ വിഷയാനുഭവംവിട്ടു സുഷുപ്ത്യനുഭവത്തിലേയ്ക്കു കടക്കുന്നതു്.

വിഷയങ്ങളെ അനുഭവിക്കുന്ന ജാഗ്രദവസ്ഥയിൽ കണ്ണു, മൂക്കു തുടങ്ങിയ ഇന്ദ്രിയങ്ങൾ ബോധത്തിൻെറ ഉപകരണങ്ങളായി പ്രവർത്തിക്കും. എന്നാൽ ഗാഢനിദ്രയിൽ ഈ ഇന്ദ്രിയങ്ങൾ പ്രവർത്തനരഹിതങ്ങളാവും. അപ്പോൾ

digitized by www.sreyas.in

ഇന്ദ്രിയാനുഭവമെല്ലാം കൂരിരുട്ടായിമാറും. വടത്തിൽ സഞ്ചരിക്കുന്നയാരം അതു മുറിഞ്ഞാൽ വടത്തിലെ സഞ്ചാരമെന്ന സ്ഥിതിമാറിയിട്ടു് തറയിൽ വീഴാനിടവരുന്നതുപോലെയാണു് ജാഗ്രത്തിലെ വിഷയാനുഭവംവിട്ടു സുഷുപ്ത്യനുഭവത്തിലേയ്ക്കു കടക്കുന്നതു്.

## ഉണർവും ഉറക്കവും

ഇന്ദ്രിയങ്ങരം പുറമേ പ്രസരിച്ചു വിഷയങ്ങളെ ഗ്രഹിക്കുന്ന അവസ്ഥയാണു ജാഗ്രത്തു് അഥവാ ഉണർവു്. ഓരോ ഇന്ദ്രിയവും ഓരോ വിഷയത്തെ ഗ്രഹിക്കുന്നു. എന്നാൽ ഞാൻ, ഞാൻ എന്നിങ്ങനെ ഉള്ളിൽ സദാ സ്ഫുരിക്കുന്ന ബോധമാണു് എല്ലാ ഇന്ദ്രിയങ്ങളുംവഴി വിഷയത്തെ അനുഭവിക്കുന്നതു്. 'ഞാൻ' കണ്ണിനെ ആശ്രയിച്ചാൽ രൂപം അനുഭവിക്കും. ചെവിയെ ആശ്രയിച്ചാൽ ശബ്ദം. ഇങ്ങനെ ഓരോന്നും. ഇതുകൊണ്ടുതന്നെ 'ഞാൻ' എന്ന ബോധാംശത്തിനു സ്വതേ ഈ അനുഭവങ്ങളൊന്നുമില്ലെന്നും അതു ഇന്ദ്രിയങ്ങളാകുന്ന ഉപകരണങ്ങളെ ആശ്രയിക്കുന്നതുകൊണ്ടു വന്നുചേരുന്ന അനുഭവങ്ങളാണിവയെന്നും സിദ്ധമാകുന്നു. ഇനിയും ഇന്ദ്രിയങ്ങളിൽനിന്നും മാറി വിഷയാനുഭവങ്ങളൊന്നുമില്ലാതെ നിൽക്കുന്ന ഒരു ഘട്ടം ബോധത്തിനു സംഭവിക്കാറുണ്ടോ എന്നാണന്വേഷിക്കേണ്ടതു്. ബോധം വിഷയാനുഭവങ്ങരം വെടിഞ്ഞു മാറി നിൽക്കുന്ന അവസ്ഥയാണല്ലൊ സുഷുപ്തി അഥവാ ഗാഢനിദ്ര എല്ലാ വിഷയാനുഭവങ്ങളും ഇവിടെ കൂരിരുട്ടായി മാറുന്നു. വടത്തിൽ കളിക്കുന്ന ഒരാരം ആ കളികളൊക്കെ കാണിക്കുതു് വടമെന്ന ഉപകരണത്തെ ആശ്രയിച്ചാണു്. വടം പൊട്ടിയാലോ ? കളിയെല്ലാം തീർന്നു് ആളു നിലത്തു വീഴും. അതുപോലെ ഇന്ദ്രിയങ്ങളെന്ന ഉപകരണ

digitized by www.sreyas.in

ങ്ങളെ ആശ്രയിച്ചാണു ജീവൻ ഉണർവ്വിലെ കളിയൊക്കെ കളിക്കുന്നത്. അവ വിട്ടുപോയാലോ? ജീവൻ കളി മതിയാക്കി തൻെറ ഉറവിടമായ ബ്രഹ്മസ്വരൂത്തിലേയ്ക്കു മടങ്ങും. വിഷയാനുഭവമെല്ലാം കൂരിരുട്ടായി മാറുകയും ചെയ്യും. ഗാഢനിദ്ര വാസ്തവത്തിൽ ജീവൻെറ ബ്രഹ്മപ്രാപ്തിയാണ്. പക്ഷെ വിഷയാനുഭവത്തിനു ഹേതുവായ കൂരിരുട്ട് അഥവാ അവിദ്യ പൂർണ്ണമായി വിട്ടുപോകാത്തതുകൊണ്ട് അതറിയാൻ പററുന്നില്ല. അത്രേയുള്ളു. അവിദ്യക്കൂടി മാറിയാൽ ജീവനു നേരിട്ടു ബ്രഹ്മാനുഭവമുണ്ടാകും. അതാണു മോക്ഷം.

ഗാഢനിദ്ര അഥവാ സുഷുപ്തി ജീവൻെറ ബ്രഹ്മപ്രാപ്തിയാണെന്നു പറഞ്ഞുവല്ലോ. ഇവിടത്തെ ഇരുട്ട് ഉള്ളതാണോ? അതു മാറിയാൽ എന്താണു സ്ഥിതി? ഈ സംശയങ്ങൾക്കുള്ള മറുപടിയാണ് അഞ്ചാം പദ്യം :—

5. അററാലിരുളിലിരിക്കു—
ന്നുററോനിവനെന്നറയ്കിലല്ലലററും
ചുററും കതിരിടുവോൻ തൻ
ചുററായ് മറെറാരിരുട്ടു വിലസിടുമോ ?

അററാൽ — ഇന്ദ്രിയങ്ങളുടെ വിഷയാനുഭവം മാറുന്നതോടെ; ഇരുളിലിരിക്കുന്നുററോൻ — അവിദ്യാമയമായ ഇരുട്ടുകൊണ്ടു മൂടിയിരിക്കുന്ന ആനന്ദബോധമാണ്; ഇവനെന്നറയ്കിൽ — ഈ ജീവൻ എന്നറിയാൻ കഴിഞ്ഞാൽ; അല്ലലററും — അതോടെ ദുഃഖമെല്ലാം മാറിക്കിട്ടും; ചുററും കതിരിടുവോൻ തൻ — സ്വയം പ്രകാശിച്ച് ഇക്കാണുന്ന ലോകത്തെ പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്ന ബോധത്തിനു; ചുററായ് — ചുററുമായി അതിനെ മറച്ച്; മറെറാ

രിരുട്ട വിലസിടുമോ — പിന്നെയൊരിരുട്ടിനു വർത്തിക്കാൻ കഴിയുമോ ?

ഇന്ദ്രിയങ്ങളുടെ വിഷയാനുഭവം മാറുന്നതോടെ അവിദ്യാമയമായ ഇരുട്ടുകൊണ്ടു മൂടിയിരിക്കുന്ന ആനന്ദബോധമാണു് ഈ ജീവൻ എന്നറിയാൻ കഴിഞ്ഞാൽ അതോടെ ദുഃഖമെല്ലാം മാറിക്കിട്ടും. സ്വയം പ്രകാശിച്ചു് ഇക്കാണുന്ന ലോകത്തെ പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്ന ബോധത്തിനു ചുററുമായി അതിനെ മറച്ചു് പിന്നെയൊരിരുട്ടിനു വർത്തിക്കാൻ കഴിയുമോ ?

## ജീവന്റെ അവിദ്യാമറ

ഗാഢനിദ്ര അത്ഭുതകരമായ ഒരനുഭവമാണു്. സുഖിപ്പിക്കുന്നു എന്നു കരുതുന്ന ഇന്ദ്രിയങ്ങളോ വിഷയങ്ങളോ ഒന്നുംതന്നെ അവിടെയില്ല. ഉണർന്നുവരുമ്പോഠം 'ഞാൻ സുഖമായി ഉറങ്ങി, ഒന്നും അറിഞ്ഞില്ല' എന്നാണനുഭവം. ഉറക്കത്തിലുണ്ടായ അനുഭവത്തെയാണൊരാഠം ഉണരുമ്പോഠം ഇങ്ങനെ സ്മരിക്കുന്നതു്. അനുഭവിക്കാത്തതു സ്മരിക്കാൻ പററുകില്ലല്ലോ. ഈ അനുഭവം മൂന്നു കാര്യങ്ങഠം സ്പഷ്ടമായി വെളിപ്പെടുത്തുന്നു. ഉറക്കത്തിൽ ജീവൻ സുഖസ്വരൂപമായി ബാക്കിനില്ക്കുന്നു. ഇതാണു് ഒന്നാമത്തെ കാര്യം. ഉറക്കത്തിൽ രണ്ടാമതൊന്നിന്റെ അനുഭവമില്ലാത്തതുകൊണ്ടു് അനുഭവിച്ചതു മറെറാന്നിൽനിന്നും കിട്ടിയ സുഖമാകാൻ ഇടയില്ല. ഉറക്കത്തിൽ ഒന്നും അറിയാതിരുന്നതാണു് സുഖിപ്പിച്ചതെന്ന വസ്തുത രണ്ടാമത്തെ കാര്യം. 'ഒന്നും അറിഞ്ഞില്ല' എന്നാണല്ലോ അനുഭവം. മററുള്ളവയെ അറിയുന്നതു ദുഃഖകാരണമാണെന്നു് ഈ അനുഭവംതന്നെ സൂചിപ്പിക്കുന്നു. ഉറക്കത്തിൽ അനുഭവിച്ച ആത്മസുഖംപോലും അനുഭവവേളയിൽ അറിയാൻ കഴ

digitized by www.sreyas.in

യാത്തവണ്ണം ഒരിരുണ്ട മറ അതിനെ മൂടിയിരുന്നു എന്ന താണു മൂന്നാമത്തെ കാര്യം. അപ്പോഠം ഉറക്കം രണ്ടില്ലാ ത്ത അദ്വൈതാനുഭവമാണു്. അവിടെ ആനന്ദസ്വരൂപ മായ ആത്മാവും അതിനെ മൂടുന്ന ഒരു മറയുമാണുള്ളതു്. ഇക്കാര്യമാണു് 'ഇരുളിലിരിക്കുന്നുറേറാൻ' എന്ന ഭാഗം കൊണ്ടു് ഗുരുദേവൻ വെളിപ്പെടുത്തിയിരിക്കുന്നതു്. ഇ ത്രയുമറിഞ്ഞുകഴിഞ്ഞാൽ ആനന്ദസ്വരൂപമായ ആത്മാ വിനെ മൂടുന്ന ഈ മറയെക്കൂടി അകററാൻ പററുമോ എന്നാ ണാലോചിക്കേണ്ടതു്. സത്യാന്വേഷികഠം സാധനാനു ഷ്ഠാനങ്ങളിലൂടെ യത്നിക്കുന്നതതിനുവേണ്ടിയാണു്. ഉണ ർന്നിരുന്നു വിഷയങ്ങളെ അനുഭവിക്കുന്ന ജാഗ്രദവസ്ഥയിൽ തന്നെ നിസ്സംഗത്വം ശീലിച്ചു് വിഷയവാസന അകററാ മെങ്കിൽ ഉറക്കത്തിലെ ഇരുണ്ട മറയും മാറുമെന്നവർ കണ്ടു. വാസ്തവത്തിൽ വിഷയ വാസന അതിൻെറ കാരണമായ അജ്ഞാനമായി മാറി ആത്മാവിനെ മറയ്ക്കുന്നതാണു് ഉറക്ക ത്തിലെ ഇരുണ്ട മറ. ഉണർന്നിരിക്കുമ്പോഠം സർവ്വത്ര ഈശ്വരബുദ്ധി അഭ്യസിച്ച വിഷയവാസന അകററുന്നവ ക്കു് ഈ അജ്ഞാനമറ നീങ്ങിക്കിട്ടുന്നു. അതോടെ ബോ ധാനന്ദമയമായ ബ്രഹ്മസത്യം സൂര്യതുല്യം സർവ്വത്ര ഇട തിങ്ങി വിളങ്ങുന്നതായും അനുഭവപ്പെടുന്നു. അവിടെ പി ന്നെ ഒരിക്കലും ഇരുട്ടിൻെറ പ്രശ്നം ഉദിക്കുന്നതേയില്ല. ഈ സാക്ഷാത്കാരം നേടിയ ഗുരുദേവൻ സ്വാനുഭവം തന്നെ യാണു് ''ചുററും കതിരിടുവോൻ തൻ ചുററായ് മറെറാരി രുട്ടു വിലസിടുമോ ?'' എന്നു ചോദ്യരൂപേണ വെളിപ്പെ ടുത്തിയിരിക്കുന്നതു്.

സ്വയം പ്രകാശിക്കുന്ന സത്യത്തിൽ ഈ ഇരുണ്ട മറ എങ്ങനെ വന്നു ? ഈ ചോദ്യം ചോദിച്ചിട്ടു കാര്യമില്ല. ഈ മറ അകററാവുന്നതാണെന്നു തെളിഞ്ഞിട്ടുണ്ടു്. ധൈ

digitized by www.sreyas.in

ര്യമുണ്ടെങ്കിൽ അതിനു യത്നിക്കുക, ഇക്കാര്യമാണ് ഗുരുദേവൻ അടുത്ത പദ്യത്തിൽ വെളിപ്പെടുത്തുന്നത് :-

6. വിലസിടുവോനിവനെന്നാ-
ലലസത താനേ കടന്നുപിടികൂടും
നിലയിതുതന്നെ നമുക്കീ -
നിലയനമേറുമ്പോഴാണൊരാനന്ദം.

ഇവൻ — ഈ ജീവൻ; വിലസിടുവോൻ — ഇന്ദ്രിയവിഷയങ്ങളിൽ രസിക്കുന്നവനാണ്; എന്നാൽ — എന്നുവന്നാൽ; താനേ — അറിയാതെ; അലസത — സ്വരൂപവിസ്മരണരൂപത്തിലുള്ള അവിദ്യ; കടന്നു പിടികൂടും — കേറിവന്നു മറയുണ്ടാകും; നമുക്ക് — ജീവന്മാർക്ക്; നിലയിതുതന്നെ - അപ്പോഴും സ്വരൂപം ബ്രഹ്മംതന്നെ; ഈ നിലയനമേറുമ്പോഴാണൊരാനന്ദം - വിഷയവാസനയകററി സ്വരൂപം സാക്ഷാത്കരിക്കുമ്പോഴേ ഈ ആനന്ദം അറിയാറാവൂ.

ഈ ജീവൻ ഇന്ദ്രിയവിഷയങ്ങളിൽ രസിക്കുന്നവനാണ് എന്നുവന്നാൽ അറിയാതെ സ്വരൂപവിസ്മരണരൂപത്തിലുള്ള അവിദ്യകേറിവന്നു മറയുണ്ടാകും. ജീവന്മാർക്ക് അപ്പോഴും സ്വരൂപം ബ്രഹ്മംതന്നെ. വിഷയവാസനയകററി സ്വരൂപം സാക്ഷാത്കരിക്കുമ്പോഴേ ഈ ആനന്ദം അറിയാറാവൂ.

## നിലയിതുതന്നെ

ആനന്ദഘനമായ ബ്രഹ്മത്തിന്റെ അംശമാണ് ജീവൻ. ജീവന്റെ ഈ ബ്രഹ്മസ്വരൂപസ്ഥിതിക്ക് ഒരിക്കലും ഒരു മാററവും സംഭവിക്കുന്നുമില്ല. പിന്നെ സംസാ

digitized by www.sreyas.in

രുബന്ധം അനുഭവിക്കുന്നതോ. ബ്രഹ്മശക്തിയായ മായ ബ്രഹ്മാംശത്തിൽ തല്ക്കാലത്തേയ്ക്കുണ്ടാക്കുന്ന ഒരു ഭ്രമമാണ് സംസാരബന്ധം. ശക്തി സ്പന്ദിച്ച് അന്തഃകരണത്തെയും ഇന്ദ്രിയങ്ങളെയും ഉണ്ടാക്കുന്നതോടെ ബ്രഹ്മാംശമായ ജീവൻ അവയെ ആശ്രയിച്ച് ജഡപ്രപഞ്ചം ഉണ്ടെന്ന അനുഭവത്തിനു വിധേയനാകുന്നു. ഇങ്ങനെ വന്നുചേരുന്ന ഭ്രമമാണ് സംസാരബന്ധം. ഒരു വസ്തുവിൽ ആരോപിച്ചനുഭവിക്കുന്ന ഭ്രമമൊന്നും ആ വസ്തുവിൻെറ സ്വരൂപത്തിനു മാററം വരുത്തുന്നില്ല. മരുഭൂമിയിൽ ആരോപിതമാകുന്ന കാനൽജലം അതിനെ നനയ്ക്കുന്നതേയില്ല. കയറിൽ സർപ്പം, ജലധാര, വടി എന്നിങ്ങനെ എന്തെല്ലാം കാഴ്ചകൾ ഉണ്ടെന്നുതോന്നിയാലും കയറിൻെറ സ്വരൂപത്തിനു മാററമൊന്നും സംഭവിക്കുന്നില്ല. അതുപോലെ ബ്രഹ്മാംശമായ ജീവനിൽ എന്തെല്ലാം സംസാരബന്ധങ്ങൾ ആരോപിച്ചനുഭവിച്ചാലും ജീവൻെറ ബ്രഹ്മസ്വരൂപത്തിൽ മാററമൊന്നും വരുത്തുന്നില്ലെന്നുള്ളതാണ് സത്യം. ഇതെപ്പോൾ അറിയാറാകും. ആരോപിച്ചിരിക്കുന്ന കാഴ്ചകൾ അകററി സ്വരൂപം കണ്ടെത്തുമ്പോൾ ഇതറിയാറാകും. അക്കാര്യമാണ് 'നിലയനമേറുമ്പൊഴാണൊരാനന്ദം' എന്ന ഭാഗം കൊണ്ടു ഗുരുദേവൻ വ്യക്തമാക്കിയിരിക്കുന്നതു്. കയറിൽ പാമ്പിനെക്കാണുന്നയാൾക്ക് കയറിനൊരുമാററവും വന്നിട്ടില്ലെന്നു് എപ്പോഴറിയാറാകും ? പാമ്പിൻെറ കാഴ്ചപോയി അടുത്തുചെന്നു് കയറിനെ കാണുമ്പോൾ അറിയാറാകും. അതുപോലെ ആത്മസ്വരൂപം സാക്ഷാത്കരിച്ചാൽ ജനനമരണാദി സംസാരബന്ധം ആത്മാവിനു് ഒരിക്കലും സംഭവിച്ചിട്ടില്ലെന്നു് അറിയാറാകും.

അങ്ങനെയുള്ള സ്വരൂപസാക്ഷാത്കാരത്തിലെത്തുമ്പോഴുള്ള അനുഭവം എന്തായിരിക്കുമെന്നാണിനി അടുത്ത പദ്യത്തിൽ വിവരിക്കുന്നതു് :-

digitized by www.sreyas.in

7. ആനന്ദക്കടൽ പൊങ്ങി—
ത്താനേ പായുന്നിതാ പരന്നൊരുപോൽ
ജ്ഞാനം കൊണ്ടിതിലേറി—
പ്പാനംചെയ്യുന്നു പരമഹംസജനം.

ആനന്ദക്കടൽ പൊങ്ങി — സർവ്വത്ര ഒരാനന്ദസമുദ്രം തന്നെ തെളിഞ്ഞു്; ഒരുപോൽ പരന്നു് — ഒരേ മട്ടിൽ വ്യാപിച്ചു്; താനേ പായുന്നു – സ്വയം നിറഞ്ഞു കവിയുന്നു; പരമഹംസജനം — പരമസത്യംകണ്ട സ്ഥിതപ്രജ്ഞന്മാർ; ജ്ഞാനംകൊണ്ടു് – വസ്തു ഒന്നേയുള്ളു എന്ന ദൃഢമായ അനുഭവത്തിലൂടെ; ഇതിലേറി — ഈ ആനന്ദക്കടലിലിറങ്ങി; പാനം ചെയ്യുന്നു — അതു കുടിച്ചു മദിക്കുന്നു.

സർവ്വത്ര ഒരാനന്ദസമുദ്രംതന്നെ തെളിഞ്ഞു് ഒരേമട്ടിൽ വ്യാപിച്ചു സ്വയം നിറഞ്ഞു കവിയുന്നു. സത്യം കണ്ട സ്ഥിതപ്രജ്ഞന്മാർ വസ്തു ഒന്നേയുള്ളു എന്ന ദൃഢമായ അനുഭവത്തിലൂടെ ഈ ആനന്ദക്കടലിലിറങ്ങി അതു കുടിച്ചു മദിക്കുന്നു.

## ജ്ഞാനിയുടെ ആനന്ദം

ഇടതിങ്ങിയ ആനന്ദാനുഭവമാണു ബ്രഹ്മസ്വരൂപം. ജീവൻ ആത്മസ്വരൂപം കണ്ടെത്തുന്നതോടെ സ്വശരീരത്തിൽ കുടികൊള്ളുന്ന ആത്മാവുതന്നെയാണു് ജഗത്തിലെങ്ങും വ്യാപിച്ചുനിൽക്കുന്ന സത്യമെന്നു തെളിയുന്നു. ആനന്ദസ്വരൂപമായ ഒരേ ഒരു വസ്തുവിലെ മായാദൃശ്യമാണു പ്രപഞ്ചമെന്നറിയാറാകുന്നു. അതോടേ എങ്ങും ഒരാനന്ദസമുദ്രം അലതല്ലുന്നതായിട്ടാണനുഭവം. ഇതിൻെറ മാഹാത്മ്യം മനസ്സിനു ചിന്തിച്ചറിയാനോ വാക്കിനു വിവരിക്കാനോ സാദ്ധ്യമല്ല. ഇതനുഭവിച്ചുതന്നെ അറിയേണ്ട

digitized by www.sreyas.in

താണ്. ഗുരുദേവൻ ആത്മോപദേശശതകത്തിൽ ഈ അനുഭവത്തെ ഒരു 'മൗനഘനാമൃതാബ്ധി'യായിട്ടാണു ചിത്രീകരിച്ചിരിക്കുന്നത്. ഭേദചിന്ത ഒന്നുമാത്രമാണീ അനുഭവത്തിനു തടസ്സമുണ്ടാക്കുന്നത്. അതുകൊണ്ട് പരമഹംസന്മാർ എല്ലാ ഭേദചിന്തകളും വെടിഞ്ഞ് ഈ ആനന്ദാനുഭവത്തിൽ സദാ മുഴുകി കഴിഞ്ഞു കൂടുന്നു. ബ്രഹ്മസാക്ഷാത്കാരം നേടി ജീവന്മുക്തന്മാരായവരാണു പരമഹംസന്മാർ. അവർക്കു ബ്രഹ്മാനന്ദസമുദ്രത്തിൽ സ്വൈരസഞ്ചാരം ചെയ്യാനുള്ള കപ്പലാണു ജ്ഞാനം. ഇവിടെ വസ്തു ഒന്നേയുള്ളു എന്ന ദൃഢമായ ബോധമാണു ജ്ഞാനം. ആനന്ദമിടതിങ്ങുന്ന അദ്വയബോധമാണ് ആ വസ്തു.

ഈ ബ്രഹ്മാനന്ദസാക്ഷാത്കാരം ജീവിതത്തെ പൂർണ്ണമായും ധന്യതയിലെത്തിക്കുന്നു എന്നാണിനി വിവരിക്കുന്നത് :—

8. ജനമിതുകണ്ടു തെളിഞ്ഞാൽ
ജനിമൃതികൈവിട്ടിരിക്കുമന്നിലയിൽ
മനതളിരൊന്നു കലർന്നാ
ലനവരതം സൗഖ്യമന്നുതന്നെ വരും.

ജനം — മനുഷ്യഹൃദയം; ഇതുകണ്ടു തെളിഞ്ഞാൽ — ഈ ബ്രഹ്മാനന്ദസമുദ്രം കണ്ടുതെളിയുമെങ്കിൽ: അന്നിലയിൽ — ആ സമുദ്രവുമായി അലിഞ്ഞുചേർന്ന്; ജനിമൃതി കൈവിട്ടിരിക്കും — ജനനമരണരൂപമായ സംസാരബന്ധത്തിൽ നിന്നും മോചിക്കും; മനതളിർ — ശുദ്ധമായമനസ്സ്; ഒന്നു കലർന്നാൽ - ഒരിക്കലെങ്കിലും ബ്രഹ്മാനുഭവത്തിനു പാത്രമായാൽ;. അന്നുതന്നെ — അതോടെ; അനവരതം — ഒരിക്കലും വിട്ടുപോകാത്ത; സൗഖ്യം വരും — ആനന്ദാനുഭവം വന്നുചേരും.

digitized by www.sreyas.in

മനുഷ്യഹൃദയം ഈ ബ്രഹ്മാനന്ദസമുദ്രംകണ്ടു തെളിയു മെങ്കിൽ ആ സമുദ്രവുമായി അലിഞ്ഞുചേൎന്ന് ജനനമരണ രൂപമായ സംസാരബന്ധത്തിൽനിന്നും മോചിക്കും. ശുദ്ധ മായ മനസ്സ് ഒരിക്കലെങ്കിലും ബ്രഹ്മാനന്ദാനുഭവത്തിനു പാത്രമായാൽ അതോടെ ഒരിക്കലും വിട്ടുപോകാത്ത ആന ന്ദാനുഭവം വന്നുചേരും.

## സൗഖ്യമന്നുതന്നെവരും

സുഖമാണല്ലോ എല്ലാവരുടെയും ലക്ഷ്യം. ലോകസു ഖങ്ങൾ നൈമിഷികങ്ങളായിരിക്കുന്നതുകൊണ്ടാണു വീ ണ്ടും വീണ്ടും അതു നേടാനായി മനുഷ്യൻ കർമ്മരംഗത്തുഴ ലുന്നത്. ഇതരസാമഗ്രികളെ ആശ്രയിച്ചാണു ലൗകിക സുഖം സ്ഥിതിചെയ്യുന്നത്. ആ സാമഗ്രികൾ അനുകൂല മല്ലെന്നു വന്നാൽ അതോടെ സുഖവും നഷ്ടമാകും. ഈ സ്ഥിതിയിൽ മററൊന്നിനെയും ആശ്രയിക്കാതെ തന്നിൽ തന്നെ ഒടുങ്ങാത്ത ഒരു സുഖസമുദ്രം കണ്ടെത്താൻ കഴി ഞ്ഞാൽ അതോടെ ജീവിതം പൂർണ്ണമായും ധന്യമാകുമെന്നു പറയേണ്ടതില്ലല്ലോ. അങ്ങനെയുള്ള ആനന്ദാനുഭവമാണ് അവനവൻേറതായ ബ്രഹ്മസ്വരൂപം സാക്ഷാത്കരിക്കുന്ന തുകൊണ്ടു കിട്ടുന്നത്. ബ്രഹ്മമാണു വസ്തു. മററുള്ളതൊക്കെ അതിലെ മായാ ദർശനങ്ങൾ മാത്രം. വസ്തു മാററമില്ലാ ത്തതായതുകൊണ്ട് ബ്രഹ്മാനുഭവം ഒരിക്കലുണ്ടായാൽ പി ന്നെ ഒരിക്കലും അതുവിട്ടുപോകുന്നതല്ല. ഇതാണു ജ്ഞാന മഹിമ. ഒരിക്കൽ ബ്രഹ്മാനന്ദമനുഭവിച്ചാൽ പിന്നെ മര ണത്തിനുപോലും അതിനെ നഷ്ടപ്പെടുത്താൻ കഴിയുകയി ല്ലെന്നു അപ്പോൾ തന്നെ തെളിയുന്നു. വസ്തു ഒന്നേയുള്ളു വെങ്കിൽ പിന്നെ ആരു ജനിക്കാൻ ? ആരു മരിക്കാൻ. ഈ അനുഭവമാണ് ജനനമരണരൂപമായ സംസാരബന്ധത്തിൽ നിന്നുള്ള മോക്ഷം.

digitized by www.sreyas.in

പലതായിക്കാണപ്പെടുന്ന പ്രപഞ്ചദൃശ്യങ്ങളിൽ മമതാബന്ധം വെടിയുന്നതോടുകൂടെ ഉടൻ ഈ ബ്രഹ്മാനുഭവം പ്രാപ്തമായിത്തീരുന്നു. ഇക്കാര്യമാണു ഗുരുദേവൻ ഇനി വെളിപ്പെടുത്തുന്നതു് :—

9. വരുമിതിലൊന്നു നിനയ്ക്കിൽ
കരളിലഴിഞ്ഞൊഴുകീടുമിമ്പമറും
കരുതരുതൊന്നുമിതെന്നാ—
ലൊരുപൊരുളായീടുമന്നുതന്നെയവൻ.

വരുമിതിൽ – സാധനാനുഷ്ഠാനംകൊണ്ടു നേടാവുന്ന ഈ ബ്രഹ്മാനന്ദത്തിൽ; ഒന്നുനിനയ്ക്കിൽ – ഭാവനചെയ്തു മനസ്സുറയ്ക്കുമെങ്കിൽ; കരളിലഴിഞ്ഞൊഴുകീടും — ചിത്തത്തെ പ്രലോഭിപ്പിച്ചു നിറഞ്ഞുകവിയുന്ന; ഇമ്പമറും – എൻേറതെൻേറതെന്ന മമതാ ബന്ധം അതോടെ നിലയ്ക്കും; ഇതു് ഒന്നുംകരുതരുതു് – ഒന്നും എൻേറതെന്നു കരുതി ഭ്രമിക്കരുതു്; എന്നാൽ – അങ്ങനെ സംഗം വെടിയുമെങ്കിൽ; അന്നുതന്നെയവൻ — ആ നിമിഷംതന്നെ ഒരുവൻ; ഒരു പൊരുളായീടും – ബ്രഹ്മസ്വരൂപമായി ഭവിക്കും.

സാധനാനുഷ്ഠാനംകൊണ്ടു നേടാവുന്ന ഈ ബ്രഹ്മാനന്ദത്തിൽ ഭാവനചെയ്തു മനസ്സുറയ്ക്കുമെങ്കിൽ ചിത്തത്തെ പ്രലോഭിപ്പിച്ചു നിറഞ്ഞു കവിയുന്ന എൻേറതെൻേറതെന്ന മമതാബന്ധം അതോടെ നിലയ്ക്കും. ഒന്നും എൻേറതെന്നു കരുതി ഭ്രമിക്കരുതു്. അങ്ങനെ സംഗം വെടിയുമെങ്കിൽ ആ നിമിഷംതന്നെ ഒരുവൻ ബ്രഹ്മസ്വരൂപമായിഭവിക്കും.

## ഒരുപൊരുളായീടും

അദ്വയബ്രഹ്മത്തിൽ വെറുതെ മായ ഉണ്ടാക്കിക്കാണിക്കുന്നതാണു പലതിൻെറ കാഴ്ച. അതു സത്യമെന്നു കരുതി

digitized by www.sreyas.in

അവയിൽ എൻേറതെൻേറതെന്ന സംഗം പുലർത്തുന്നതോടേയാണു ബ്രഹ്മാനുഭവം മറഞ്ഞുപോകുന്നതു്. ഒരു വസ്തുവിനെ തെററിദ്ധരിച്ചു മറെറാന്നായി കണ്ടാൽ വസ്തുവിൻെറ യഥാർത്ഥരൂപം മറഞ്ഞുപോകുമെന്നു തീർച്ചയാണല്ലോ. കയറിനെ പാമ്പായിക്കണ്ടാൽ കയറു കാണാനേ പററില്ല. തെററിദ്ധരിക്കപ്പെടുന്ന കാഴ്ച മാറിയാലേ പിന്നെ യഥാർത്ഥരൂപം തെളിയൂ. പാമ്പിൻെറ കാഴ്ച ഉപേക്ഷിച്ചു് അടുത്തുചെന്നു കണ്ടാലേ കയറു കാണാൻ പററൂ. അതുപോലെ പലതിൻെറ കാഴ്ചയും അവയോടുള്ള സംഗവും ഉപേക്ഷിച്ചു വസ്തു ഒന്നേയുള്ളു എന്നു ഭാവനചെയ്തു ബ്രഹ്മത്തോടടുക്കണം. ഈ സാധനയഭ്യസിച്ചു സംഗം വെടിയുന്ന നിമിഷം ഒരുവൻ സ്വയം ആനന്ദഘനമായ ബ്രഹ്മവസ്തുവായി മാറുന്നതാണു്. നിസ്സംഗത്വംകൊണ്ടു നേടാവുന്ന പരമമായ ഈ ബ്രഹ്മാനുഭവരഹസ്യമാണു ഗുരുദേവൻ ഒൻപതാം പദ്യത്തിൽ അനുഭവമാധുര്യത്തോടെ വെളിപ്പെടുത്തിയിരിക്കുന്നതു്.

എത്ര കേമനായാലും പലതുകണ്ടു സംഗബദ്ധനായി ഭ്രമിക്കുന്നവൻ മൃഗതുല്യനാണെന്നു വെളിപ്പെടുത്തിക്കൊണ്ടു ഗുരുദേവൻ കൃതി ഉപസംഹരിക്കുന്നു :—

10. അവനിവനെന്നു നിനസ്സു—
ന്നവനൊരുപതിയെന്നിരിക്കിലും പശുവാം
അവികലമാഗ്രഹമററാ—
ലവകലിതാനന്ദവെള്ളമോടിവരും.

അവനിവനെന്നു — അവൻ വേറെ, ഇവൻ വേറെ എന്നിങ്ങനെ നിനസ്സുന്നവൻ — പലതുണ്ടെന്നു ഭ്രമിക്കുന്നവൻ; ഒരു പതിയെന്നിരിക്കിലും — ഒരു ചക്രവർത്തിയായാൽ

digitized by www.sreyas.in

പോലും; പശുവാം — മൃഗതുല്യനാണെന്നറിയേണ്ടതാണ്; അവികലം — ഏകഭാവനകൊണ്ടു ചിത്തം ശുദ്ധിയാക്കി; ആഗ്രഹമററാൽ — സംഗം വെടിഞ്ഞു കാമങ്ങളുപേക്ഷിക്കുമെങ്കിൽ; അവകലിതാനന്ദവെള്ളം — നിറഞ്ഞു കവിയുന്ന ബ്രഹ്മാനന്ദരസം; ഓടിവരും — തത്ക്ഷണം അനുഭവിക്കാറാകും.

അവൻ വേറെ, ഇവൻ വേറെ എന്നിങ്ങനെ പലതുണ്ടെന്നു ഭ്രമിക്കുന്നവൻ ഒരു ചക്രവർത്തിയായാൽപോലും മൃഗതുല്യനാണെന്നറിയേണ്ടതാണ്. ഏകഭാവനകൊണ്ടു ചിത്തം ശുദ്ധിയാക്കി സംഗം വെടിഞ്ഞു കാമങ്ങളുപേക്ഷിക്കുമെങ്കിൽ നിറഞ്ഞു കവിയുന്ന ബ്രഹ്മാനന്ദരസം തത്ക്ഷണം അനുഭവിക്കാറാകും.

## ആനന്ദവെള്ളമോടിവരും

അഖണ്ഡാനന്ദസ്വരൂപമായ ബ്രഹ്മമാണു വസ്തു. അതല്ലാതെ അല്പംപോലും രണ്ടാമതൊന്ന് ഇവിടെ ഇല്ലേ ഇല്ല. ഈ വസ്തുരഹസ്യം സൂര്യതുല്യം തെളിഞ്ഞിട്ടുള്ളതാണ്. ഇതു കണ്ടനുഭവിക്കാനാണു മനുഷ്യന് ഈശ്വരൻ വിവേകവും വിചാരശക്തിയും നൽകിയിരിക്കുന്നതു്. ഈശ്വരൻ നൽകിയ ഈ അനുഗ്രഹങ്ങൾ ഉപയോഗപ്പെടുത്തി അദ്വയസത്യം സാക്ഷാത്കരിക്കാതെ പലതിൽ ഭ്രമിച്ചു സംഗബദ്ധനായി കാമക്രോധമോഹങ്ങളിൽപെട്ടുഴലുന്നവൻ എത്ര വലിയ ചക്രവർത്തിയായാലും മൃഗതുല്യനാണെന്നാണ് സത്യദർശികളുടെ മതം. സത്യം വിചാരംചെയ്തറിയാൻ കഴിയാത്തവയാണു മൃഗങ്ങൾ. അവ അപ്പോഴപ്പോഴുള്ള വികാരങ്ങൾക്കടിമപ്പെട്ടു ജീവിതം നയിച്ചുപോരുന്നു. വിശേഷബുദ്ധിയുള്ളവനാണു മനുഷ്യൻ. ഒരുവൻ എത്ര കിണഞ്ഞു പരിശ്രമിച്ചാലും ജഡപദാർത്ഥങ്ങളൊന്നും എക്കാലത്തും

digitized by www.sreyas.in

അവനേറതാക്കിവച്ചുകൊണ്ടിരിക്കാൻ കഴികയില്ലെന്നു മനു ഷ്യൻ വിശേഷബുദ്ധികൊണ്ടു ധരിക്കണം. ദേഹമുറപ്പെടെ എല്ലാം ഏതു നിമിഷവും വിട്ടുപോകേണ്ടിവരും. അതുകൊണ്ടു് കാലേക്കൂട്ടിത്തന്നെ അവയിൽ എൻേറതെന്ന ഭാവം വെടിയണം. അവൻ, ഇവൻ എന്നു പലതുകണ്ടുഴലാതെ എല്ലാം ഈശ്വരമയമാണെന്നു ബുദ്ധിയെ പഠിപ്പിക്കണം. നൈമിഷികങ്ങളും ദുഃഖഭൂയിഷ്ഠങ്ങളുമായ ലോകകാമങ്ങളകററണം. ഇത്രയുമായാൽ അവൻെറ ഉള്ളിൽ തന്നെ നിറഞ്ഞു കവിയുന്ന ബ്രഹ്മാനന്ദരസം കണ്ടെത്താൻ കഴിയും. ആനന്ദാനുഭവത്തിനു വേണ്ടിയാണല്ലോ മനുഷ്യൻ രാപകൽ പാടുപെടുന്നതു്. ബ്രഹ്മാനന്ദാനുഭവമുണ്ടായാൽ ദേഹത്തിൻെറ വേർപാടുപോലും അതിനെ നഷ്ടപ്പെടുത്തുകയില്ലെന്നും തെളിയും.

നൈമിഷികമായ ഇന്ദ്രിയാനുഭവത്തിൻെറയും അനശ്വരമായ ബ്രഹ്മാനുഭവത്തിൻെറയും രഹസ്യം അനുഭൂതിമാധുര്യത്തോടെ പകർന്നുതരുന്ന കൃതിയാണു് 'അനുഭൂതിദശകം'. അതോടൊപ്പം ഇന്ദ്രിയാനുഭവത്തെയകററി ബ്രഹ്മാനുഭവം നേടാനുള്ള മാർഗ്ഗവും ലളിതമായും സംശയരഹിതമായും ഇതിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. സദാ ഇടതിങ്ങിയ ബ്രഹ്മാനന്ദാനുഭവത്തിൽ മുഴുകിക്കഴിഞ്ഞിരുന്ന ഗുരുദേവൻെറ വാക്കുകളാണിവയെന്നു സ്പഷ്ടം. ഇങ്ങനെ സ്വാനുഭവാമൃതം പകർന്നു നമുക്കു നൽകിയ ആ പരമഹംസൻെറ പാദങ്ങളിൽ നമുക്കു പ്രണിപതിക്കാം.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

digitized by www.sreyas.in